പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1943 — 10.03.2020 -ൽ മറുപടിക്ക്.

## റേഷൻ സാധനങ്ങളുടെ ഗുണനിലവാരവും റേഷൻ വിതരണത്തിലെ ക്രമക്കേടുകളും

| ചോദ്യം<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് തൊണ്ണൂറ്റിയഞ്ച് ശതമാനം ഗോഡൗണുകളിലും അലക്ഷ്യമായും അശാസ്ത്രീയമായുമാണ് ഭക്ഷ്യധാന്യങ്ങൾ സൂക്ഷിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ എൻ.എഫ്.എസ്.എ ഗോഡൗണുകളും ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ടവ അല്ലെങ്കിലും നിലവിലുള്ള ഗോഡൗണുകളിൽ കഴിയുന്നത്ര ശാസ്ത്രീയമായും വൃത്തിയായുമാണ് റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നത്. മതിയായ സ്റ്റോറേജ് സംവിധാനം തികയാതെ വരുന്ന സന്ദർഭങ്ങളിൽ പ്രൈവറ്റ് ഗോഡൗണുകൾ ഉപയോഗിക്കാറുണ്ട്. എന്നിരുന്നാലും ശാസ്ത്രീയ ഗോഡൗണുകൾ പോലെ ഭക്ഷ്യധാന്യങ്ങൾ അശാസ്ത്രീയ ഗോഡൗണുകളിൽ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നതിന് പരിമിതിയുണ്ട്. |
| (ബി) ഇതുകാരണം ദുർഗന്ധമുള്ളതും പുഴുവരിച്ചതുമായ അരിയും ഗോതമ്പുമാണ് ഡിസംബർ മാസത്തിൽ വിതരണത്തിന് എത്തിയതെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (ബി) പരിശോധിച്ചിട്ടുണ്ട്. എന്നാൽ ഡിസംബർ മാസത്തിൽ വിതരണം ചെയ്ത സ്റ്റോക്കിന്റെ ഗുണമേന്മ സംബന്ധിച്ച് വ്യാപകമായ പരാതികൾ ലഭിച്ചിട്ടില്ല. നെടുമങ്ങാട് താലൂക്കിലെയും കോട്ടയം ജില്ലയിലെയും ഏതാനും റേഷൻ വ്യാപാരികൾ ഭക്ഷ്യധാന്യങ്ങൾ മോശമാണെന്ന് അറിയിച്ചതിനെ തുടർന്ന് ആയത് മാറ്റി ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ പകരം നല്കിയിട്ടുണ്ട്. |
| (സി) റേഷൻ കട വഴി വിതരണം ചെയ്യേണ്ട പതിനാലായിരം ക്വിന്റൽ ഭക്ഷ്യധാന്യം കെട്ടിക്കിടന്ന് നശിച്ചതായും കൊട്ടാരക്കര സപ്ലൈകോ ഡിപ്പോയിൽ നിന്ന് ഒരു ലക്ഷം കിലോ റേഷൻ സാധനം കാണാതായതായും ഭക്ഷ്യവകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ ; | (സി) റേഷൻകടകൾ വഴി വിതരണം ചെയ്യേണ്ട, എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ വിവിധ കാരണങ്ങളാൽ ദീർഘകാലമായി സംഭരിച്ചുവച്ചിട്ടുള്ള 1546.384 മെ.ടൺ അരിയും 555.638 മെ.ടൺ ഗോതമ്പും വിതരണ യോഗ്യമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. കൊട്ടാരക്കര സപ്ലൈകോ ഡിപ്പോ മാനേജർ നടത്തിയ പരിശോധനയിൽ പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ലക്ഷം കിലോഗ്രാം റേഷൻ സാധനം സ്റ്റോക്കിൽ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭക്ഷ്യ വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്നും നഷ്ടപരിഹാരം ഈടാക്കാനും വീഴ്ച വരുത്തിയവരെ നിയമത്തിന് മുന്നിൽ കൊണ്ടു വരാനും സ്വീകരിച്ച നടപടികളെ ന്തെന്ന് വിശദമാക്കുമോ? | (ഡി) | എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ കൃത്യമായ ഇടവേളകളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സപ്ലൈകോ ഉദ്യോഗസ്ഥരുടെ സഹായത്തോടു കൂടി പരിശോധന നടത്തണമെന്ന് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. എൻ.എഫ്.എസ്.എ ഗോഡൗണുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന വകുപ്പുതല ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി ശക്തമായ അച്ചടക്ക നടപടികളും, ആവശ്യമെങ്കിൽ നിയമ നടപടികളും വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. കൊട്ടാരക്കരയിലെ സപ്ലൈകോ എൻ.എഫ്.എസ്.എ ഗോഡൗണിലെ സ്റ്റോക്ക് കസ്റ്റോഡിയൻ, ഓഫീസർ ഇൻ ചാർജ് ഉൾപ്പെടെ രണ്ട് സപ്ലൈകോ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**